സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.02/2010/P&SGRC

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
31/05/2022

## സർക്കുലർ

വിഷയം:- പെൻഷൻ റിക്കാർഡുകൾ തയ്യാറാക്കി അയയ്ക്കുന്നത് സംബന്ധിച്ച്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറുകളിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് മുന്നോടിയായി പെൻഷൻ റിക്കാർഡുകൾ തയ്യാറാക്കി അയയ്ക്കുമ്പോൾ ആഫീസ് മേലധികാരി എന്ന നിലയിൽ സ്വയം സാക്ഷ്യപ്പെടുത്തി അയയ്ക്കുന്നതായി ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആകയാൽ പെൻഷൻ റിക്കാർഡുകൾ തയ്യാറാക്കി അയയ്ക്കുമ്പോൾ ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പെൻഷൻ അനുവദിക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.
2. പെൻഷൻ റിക്കാർഡുകൾ സ്വയം സാക്ഷ്യപ്പെടുത്തി അയയ്ക്കുവാൻ പാടുള്ളതല്ല.
3. സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി പെൻഷൻ റിക്കാർഡുകൾ തയ്യാറാക്കുമ്പോൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ മുഖേനയും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ/കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥർ ദേവസ്വം കമ്മീഷണർ മുഖേനയും സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്.
4. സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം തയ്യാറാക്കുന്ന പെൻഷൻ റിക്കാർഡുകളിൽ അതത് ആഫീസ് മേലധികാരികൾ മുഖേന സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്-

1. എല്ലാ ഡിപ്പാർട്ടുമെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ ദേവസ്വം ബോർഡ് ഓഫീസ്
3. സെക്ഷൻ ഫയൽ

RA